05-03-2022

SATURDAY ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**
**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186,2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-05/03/2022

1. കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധനസംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിയുടെ ഓൺലൈൻ അപേക്ഷകൾ www.sfackerala.org എന്ന വെബ്സൈറ്റ് വഴി സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് www.sfackerala.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ, **1800–425–1661** എന്ന ടോൾഫ്രീ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

2. വയനാട് ജില്ലയിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് 2021-22 പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രിയുടെ സേവനം ഈ മാസം 08 മുതൽ 12 വരെ (മാർച്ച് 08 മുതൽ 12 വരെ) മുള്ളംകൊല്ലി, പുൽപള്ളി ഗ്രാമപഞ്ചായത്തുകളിലെ ക്ഷീരകർഷകർക്ക് ലഭ്യമായിരിക്കും. രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് സേവനം ലഭ്യമാകുക. ആവശ്യമുള്ള കർഷകർ, ക്ഷീരസംഘങ്ങൾ മുഖേന ഡ്യൂട്ടി ഡോക്ടറുമായി ബന്ധപ്പെടണമെന്ന് പള്ളിക്കുന്ന് മൃഗാശുപത്രി സീനിയർ വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് **9074520868, 9605520868** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

3. പേട്ടയിലെ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഹെഡോഫീസിൽ നിന്നും ഈ മാസം 7 മുതൽ (മാർച്ച് 7) ബി.വി.380 ഇനത്തിൽപ്പെട്ട 53 ദിവസം പ്രായമായ മുട്ടക്കോഴികൾ ലഭ്യമാണ്. ആവശ്യക്കാർ പേട്ടയിലുള്ള ഹെഡോഫീസിൽ നിന്നും വാങ്ങേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471–2478585, 9495000915, 9495000918** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

**4.** പത്തനംതിട്ട ഗവൺമെന്റ് ആശുപത്രിക്കു പുറകിൽ ഡോക്ടേഴ്സ് ലെയിനിൽ, ഉാക്കേത്ത് ബിൽഡിംഗിൽ പ്രവർത്തിച്ചിരുന്ന **പത്തനംതിട്ട ജില്ലാ മണ്ണ് പര്യവേഷണ കാര്യാലയത്തിന്റേയും അനുബന്ധ മണ്ണ് പരിശോധന ലബോറട്ടറിയായ സോയിൽ ആന്റ് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന്റേയും** പ്രവർത്തനം കോളേജ് റോഡിലുള്ള മണ്ണിൽ റീജൻസിയിലെ രണ്ടാം നിലയിലേക്ക് മാറ്റിയ വിവരം അറിയിക്കുന്നു. ലബോറട്ടറിയിൽ മണ്ണ് പരിശോധിച്ച് പരിശോധന ഫലവും അതിനനുസൃതമായി വിളകൾക്ക് നൽകേണ്ട കുമ്മായം ജൈവവളം ഉൾപ്പെടെയുള്ള വളപ്രയോഗ ശുപാർശകളും നൽകിവരുന്നു. കൂടുതൽ വിവരങ്ങൾക്ക് **0468 2323105** എന്ന നമ്പരിൽ ബന്ധപ്പെടുക.

5. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.ടി.)-ൽ ലഭ്യമായിട്ടുള്ള മെഷീനറികൾ, ടെസ്റ്റിങ് ഉപകരണങ്ങൾ തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് റബ്ബർബോർഡ് അവസരം നൽകുന്നു. വ്യവസായസ്ഥാപനങ്ങളിൽനിന്ന് സാക്ഷ്യപ്പെടുത്തിയവർക്കും പുതിയ വ്യവസായങ്ങളിൽ ഏർപ്പെടാൻ താൽപര്യവും കഴിവും ഉള്ളവരുമായ വ്യക്തികൾക്കും അവരുടെ ഉത്പന്നങ്ങളുടെ വികസനവും പരിശോധനകളുമായി ബന്ധപ്പെട്ട് സ്വന്തമായി പ്രോട്ടോടൈപ്പുകളും സാമ്പിളുകളും ഉണ്ടാക്കുന്നതിനുള്ള പരീക്ഷണങ്ങൾക്ക് മിതമായ നിരക്കിൽ ഈ സൗകര്യം ഉപയോഗിക്കാൻ കഴിയും. വിദ്യാർത്ഥികൾ, സംരംഭകർ, ഗവേഷകർ തുടങ്ങിയവർക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താം. കൂടുതൽ വിവരങ്ങൾക്ക് **0481 – 2353325** എന്ന ഫോൺ നമ്പരിലോ **04812353201** എന്ന വാട്ട്സ്ആപ്പ് നമ്പരിലോ training@rubberboard.org.in എന്ന എ-മെയിൽ വിലാസത്തിലോ ബന്ധപ്പെടാം.

## പരിശീലന പരിപാടികൾ

6. കാർഷിക ഉത്പാദന ക്ഷമതയ്ക്ക് തേനീച്ച പരിപാലനം എന്ന ലക്ഷ്യത്തോടൊപ്പം കർഷകർക്ക് തേനധിഷ്ഠിത ഉത്പന്ന നിർമ്മാണവും പരിശീലനവും ലക്ഷ്യമാക്കി ഹോർട്ടികോർപ്പും തൊടുപുഴ കൃഷിഭവനും സംയുക്തമായി **തേൻ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ**ത്തിൽ മാർച്ച് 15,16,17 തീയതികളിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ മാർച്ച് 10 നു മുമ്പായി **9447910989** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. തിരുവനന്തപുരം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ക്ഷീരകർഷകർക്കായി ഈ മാസം 10,11 (മാർച്ച് 10,11) തീയതികളിൽ **പാലും പരിശുദ്ധിയും – കർഷകർ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ രണ്ട് ദിവസത്തെ ക്ലാസ്സ് റൂം പരിശീലന പരിപാടി നടത്തുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 40 പേരെയാണ് പരിശീലനത്തിൽ ഉൾപ്പെടുത്തുന്നത്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ രണ്ട് ഡോസ് കോവിഡ് വാക്സിൻ സ്വീകരിച്ച സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ് എന്നിവ ഹാജരാക്കേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **0471–2440911** എന്ന ഫോൺ നമ്പറിലോ, ക്ഷീരപരിശീലന കേന്ദ്രം, പൊട്ടക്കുഴി റോഡ്,

പട്ടം പി.ഒ, തിരുവനന്തപുരം -695004 എന്ന വിലാസത്തിൽ നേരിട്ടോ, principaldtctvm@gmail.com എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെട്ട് ഈ മാസം 9-ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

8. ആതവനാട് മൃഗസംരക്ഷണ പരിശീലനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ, രജിസ്റ്റർ ചെയ്തകർഷകർക്ക് വേണ്ടി മാർച്ച് 07 ന് വൈകിട്ട് 07 മണി മുതൽ **"മുട്ടനാടുകളിലെ മൂത്രതടസ്സം-കാരണങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും"** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ **0494 – 2962296** എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

9. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) ഉണക്കറബ്ബറിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ അഞ്ചു ദിവസത്തെ പരിശീലനം നൽകുന്നു. **മോൾഡഡ്, എക്സ്ട്രൂഡഡ്, കാലെൻഡേർഡ് ഉത്പന്നങ്ങളുടെ നിർമ്മാണം; റബ്ബർകോമ്പൗണ്ടിങ്; പ്രോസസ്സ് കൺട്രോൾ, വൽക്കനൈസേറ്റ് പരിശോധനകൾ; എം.എസ്.എം.ഇ. (മൈക്രോ, സ്മോൾ & മീഡിയം എന്റർപ്രൈസസ്) പദ്ധതികൾ** തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പരിശീലനം മാർച്ച് 14 മുതൽ 18 വരെ നടത്തും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **0481 – 2353127** എന്ന ഫോൺ നമ്പറിലോ **04812353201** എന്ന വാട്സ്ആപ്പ് നമ്പറിലോ ബന്ധപ്പെടാം.

10. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം **9, 10 തീയതിയകളിൽ ഇറച്ചിക്കോഴി വളർത്തലിലും 16 ന് ടർക്കി വളർത്തലിലും, 22 ന് താറാവു വളർത്തലിലും, 24 ന് തീറ്റപ്പുൽക്കൃഷി** എന്നീ വിഷയങ്ങളിൽ പരിശീലനം നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471– 2732918** എന്ന ഫോൺ നമ്പരിൽ പ്രവൃത്തി ദിവസങ്ങളിൽ ബന്ധപ്പെടാവുന്നതാണ്.